# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4393 | 25.10.2016 - ൽ മറുപടിയ്ക്ക് |

## ചരക്കുസേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ)<br><br><br><br><br>(ബി) | സംസ്ഥാനത്ത് ചരക്കുസേവന നികുതി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച പലവിധ ആശങ്കകളും സംശയങ്ങളും ഉയർന്നു വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ)<br>&<br>(ബി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാകയാലും സേവനങ്ങൾക്കുമേൽ സംസ്ഥാനത്തിന് നികുതി ചുമത്താമെന്നതിനാലും ഈ നികുതി സംവിധാനം കേരളത്തിന് ഗുണകരമാകും എന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.<br>ജി.എസ്.ടി. നടപ്പാക്കുമ്പോൾ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് നികത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Service Tax Council ന്റെ ശുപാർശ അനുസരിച്ച് പാർലമെന്റ്, നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി. നടപ്പാക്കിയ ശേഷമുള്ള ആദ്യ 5 വർഷങ്ങളിലേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം [illegible] വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നടപ്പാക്കുമ്പോൾ |

| | | | |
|---|---|---|---|
| | | | ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താവിന് ലഭിക്കത്തക്ക വിധത്തിൽ ഒരു ഫോർമുല ജി.എസ്.ടി. കൗൺസിൽ രൂപപ്പെടുത്തിയെടുക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടതാണെന്നും വ്യാപാരിയിൽ നിന്നും ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേൽ വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ Credit, Divisible Pool ൽ ഉൾപ്പെടുത്തി അത് ഇറക്കുമതി സേവനം ലഭ്യമാക്കിയ സംസ്ഥാനത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ അറിവ് നൽകുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജി.എസ്.ടി. മാതൃകാ നിയമം അടിസ്ഥാനമാക്കി ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ നടന്നുവരികയാണ്. ജി.എസ്.ടി. നിയമം അന്തിമ രൂപത്തിലായാലുടൻ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ടാക്സ് പ്രാക്ടീഷണർമാർക്കും മറ്റുമായി പരിശീലനപരിപാടികളും മറ്റും നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ